പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1401 14.06.2013-ൽ മറുപടിയ്ക്ക്

ചാലക്കുടി മുനിസിപ്പൽ ടൗൺഹാൾ നിർമ്മാണം

| ചോദ്യം<br>ശ്രീ. ബി.ഡി. ദേവസ്സി | | ഉത്തരം<br>ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ചാലക്കുടി മുനിസിപ്പൽ ടൗൺഹാൾ നിർമ്മാണത്തിനായി അനുമതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് അനുമതി നൽകിയിട്ടുള്ളത് ; എത്ര തുകയുടെ എസ്റ്റിമേറ്റാണ് ഇതിനായി അംഗീകരിച്ചിട്ടുള്ളത്; ആവശ്യമായ ഫണ്ട് എങ്ങിനെയാണ് കണ്ടെത്തിയിട്ടുള്ളത് ; വ്യക്തമാക്കാമോ ; | (എ) | ചാലക്കുടി നഗരസഭ ടൗൺഹാൾ നിർമ്മാണത്തിന് നഗരസഭാ കൗൺസിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയ്ക്കു വേണ്ടി തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്കു വേണ്ടി തയ്യാറാക്കിയിട്ടുള്ള 4,90,00,000/- രൂപയുടെ അടങ്കലിന് കൗൺസിലിന്റെ ഭരണാനുമതിയും, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടി പദ്ധതിയ്ക്കു വേണ്ടി സഹകരിക്കുവാൻ തയ്യാറുള്ള 60 സുമനസ്സുകളെ കണ്ടെത്തി ഓരോരുത്തരിൽ നിന്നും 5 ലക്ഷം രൂപ ഉപാധികളില്ലാതെ സൗജന്യമായി സ്വീകരിക്കുന്നതിന് നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണ്. സംഭാവന പണം സ്വീകരിക്കുന്നതിന് ചെയർമാൻ, സെക്രട്ടറി എന്നിവരുടെ പേരിൽ സംയുക്തമായി ചാലക്കുടി State Bank of Travancore ശാഖയിൽ 67148049939 നമ്പരായി പ്രത്യേക അക്കൗണ്ട് തുറന്നിട്ടുള്ളതാണ്. സംഭാവനകൾ ചെക്ക്/ഡി.ഡി ആയി മാത്രമാണ് സ്വീകരിക്കുന്നത്. |
| (ബി) | ടൗൺഹാൾ നിർമ്മാണത്തിനായി മുനിസിപ്പാലിറ്റി ആരെല്ലാം വ്യക്തികളിൽ നിന്നും എത്ര രൂപ വീതമാണ് പിരിച്ചെടുത്തത്; വ്യക്തമാക്കുമോ ; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |

(. . . 2)

| | | | |
|---|---|---|---|
| (സി) | നിർമ്മാണ മേൽനോട്ടവും കണക്കുകളുടെ പരിശോധനയും സുതാര്യമായി നടത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ ? | (സി) | പദ്ധതിയുടെ നിർമ്മാണ മേൽനോട്ടത്തിനായി നിലവിലുള്ള ഉദ്യോഗസ്ഥ സംവിധാനത്തിനു പുറമെ നഗരസഭ ചെയർമാൻ, വൈസ് ചെയർപേഴ്സൺ, സ്ഥിരം സമിതി അധ്യക്ഷൻമാർ, പ്രതിപക്ഷ നേതാവ്, ഭരണപക്ഷ പാർലമെന്ററി ലീഡർ, മുനിസിപ്പൽ എഞ്ചിനീയർ എന്നിവരടങ്ങുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സംയുക്ത അക്കൗണ്ടിൽ വരുന്ന തുകകൾ ഓഡിറ്റ് പരിശോധനകൾക്ക് വിധേയമാണ്. |

സെക്ഷൻ ഓഫീസർ